ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 31.07.2024** **TIME : 07.25 PM**

### പ്രധാന വാർത്തകൾ

1. വയനാട്ടിലെ ഉരുൾപൊട്ടൽ ദുരന്തത്തിൽ മരണ സംഖ്യ ഉയരുന്നു. വിവിധ സേനാവിഭാഗങ്ങളുടെ നേതൃത്വത്തിൽ രക്ഷാ പ്രവർത്തനം ഊർജ്ജിതം.

   **The death toll increase in Wayanad death toll. The rescue operation are under way.**

2. പരമാവധി ആളുകളെ സുരക്ഷിതരാക്കുന്നതിനുള്ള ശ്രമങ്ങൾ വയനാട്ടിൽ നടത്തുന്നുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. 8,000 ത്തിൽ അധികം പേർ ദുരിതാശ്വാസ ക്യാമ്പുകളിൽ.

   **CM Pinarayi Vijayan said that all necessary steps are being done to make maximum people safe. Morethan 8000 people are sheltered in relief camps.**

3. വയനാട്ടിൽ കനത്ത മഴയും മണ്ണിടിച്ചിലും ഉണ്ടാകുമെന്ന് കേരള സർക്കാരിന് മുന്നറിയിപ്പ് നൽകിയിരുന്നെന്ന് കേന്ദ്രമന്ത്രി അമിത് ഷാ. ദുരന്തമുണ്ടായതിന് ശേഷമാണ് ജാഗ്രതാ നിർദ്ദേശം ലഭിച്ചതെന്ന് മുഖ്യമന്ത്രി.

   **Home Minister Amit Shah has said that an early warning on heavy rainfall and landslides in Wayanad was given to Kerala Government. While Kerala CM responded that warnings were received only after the landslide happened.**

4. സംസ്ഥാനത്ത് അതിശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രത. 7 ജില്ലകളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി.

   **Heavy rain to continue in Kerala, said IMD. Kozhikode, Wayanad, Kannur and Kasargod districts are under red alert. School holiday declared in 7 districts.**

5. രാജ്യത്തിൻറെ വളർച്ച, ക്ഷേമം, മൂലധന നിക്ഷേപം, തൊഴിൽ, തുടങ്ങിയ മേഖലകളിലെ മികച്ച സന്തുലിതാവസ്ഥയാണ് കേന്ദ്ര ബജറ്റെന്ന് ധനമന്ത്രി നിർമ്മല സീതാരാമൻ.

**Finance Minister Nirmala Sitharaman has said that the Union Budget strikes a fine balance among priorities like growth, employment, welfare, capital investment etc.**

6. പാരീസ് ഒളിമ്പിക്സിൽ മികച്ച പ്രകടനവുമായി ഇന്ത്യൻ താരങ്ങൾ പോരാട്ടം തുടരുന്നു. ഷൂട്ടിങ്ങിൽ 50 മീറ്റർ റൈഫിളിൻറെ പുരുഷ വിഭാഗത്തിൽ സ്വപ്നിൽ കുസാലെ ഫൈനലിലേക്ക് യോഗ്യത നേടി.

**In Paris Olympics Indian athletes are making better performance. In shooting, Swapnil Kusale advanced to finals in 50m rifles 3 P mens round.**

&&&&&&&&&&&&&&&&&&

## WAYANADU GENERAL

വയനാട്ടിലെ ഉരുൾപൊട്ടലിൽ മരിച്ചവരുടെ മരണം 240 കടന്നു. വിവിധ സേനാവിഭാഗങ്ങളുടെ നേതൃത്വത്തിൽ രക്ഷാപ്രവർത്തനം പുരോഗമിക്കുകയാണ്. 1,592 പേരെ ഇതിനകം രക്ഷപ്പെടുത്താൻ സാധിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചു. 191 പേരെയാണ് ഇനി കണ്ടെത്താനുള്ളത്. കരസേനയും, നാവികസേനയും, ദേശീയ, സംസ്ഥാന ദുരന്തനിവാരണ സേനകളും, ഫയർഫോഴ്സും, പോലീസും, സന്നദ്ധപ്രവർത്തകരും, നാട്ടുകാരും ചേർന്നാണ് മേഖലയിൽ രക്ഷാപ്രവർത്തനം നടത്തി വരുന്നത്. അവശിഷ്ടങ്ങൾക്കിടയിൽ നിന്നും മൃതദേഹങ്ങൾ കണ്ടെത്താൻ ഡോഗ് സ്ക്വാഡിനെയും നിയോഗിച്ചു.

&&&&&&&&&&&&&&&&&&

## WND - 2

മുണ്ടക്കൈയിൽ സൈന്യത്തിൻറെ നേതൃത്വത്തിൽ ബെയ്‌ലി പാലം നിർമിക്കുന്നതിനുള്ള പ്രവർത്തനങ്ങളും പുരോഗമിക്കുകയാണ്. പാലത്തിൻറെ നിർമാണം നാളെയോടെ പൂർത്തിയാവും. താൽക്കാലികമായി ഒരാൾക്ക് നടക്കാനുള്ള പാലം ഇന്നലെ സന്ധ്യയോടെ സജ്ജമാക്കാനായത് രക്ഷാപ്രവർത്തനങ്ങളുടെ വേഗം കൂട്ടി. രാവിലെ ഏഴ് മണി മുതൽ സൈന്യത്തിൻറെ നേതൃത്വത്തിൽ രക്ഷാദൗത്യം പുനരാരംഭിച്ചിരുന്നു.

രക്ഷാപ്രവർത്തനത്തെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെന്റ് ... (വോയിസ്...)

&&&&&&&&&&&&&&&&&&

## CM PRESS MEET

വയനാട്ടിലെ ദുരന്ത ബാധിത പ്രദേശങ്ങളായ മുണ്ടക്കൈയിലും ചൂരൽമലയിലും രക്ഷാപ്രവർത്തനം പൂർണ്ണ തോതിൽ തുടരുകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പരമാവധിയാളുകളെ സുരക്ഷിതരാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ടെന്ന് അദ്ദേഹം വാർത്താസമ്മേളനത്തിൽ പറഞ്ഞു. ദുരന്തത്തിൽ നിന്നും രക്ഷപ്പെട്ടവർക്ക് ആവശ്യമായ ചികിത്സയും പരിചരണവും ലഭ്യമാക്കിയിട്ടുണ്ട്. ജില്ലയിലാകെ നിലവിൽ 82 ദുരിതാശ്വാസ ക്യാമ്പുകളിലായി 8,017 ആളുകളാണുള്ളതെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. അഗ്നിശമന സേന, എൻഡിആർഎഫ്, തീരസംരക്ഷണസേന ഉൾപ്പെടെ നിലവിൽ 1,167 പേരടങ്ങുന്ന സംഘത്തേയാണ് രക്ഷാപ്രവർത്തനങ്ങൾക്കായി നിയോഗിച്ചിട്ടുള്ളത്. ചികിത്സയും പരിചരണവും നൽകാൻ ആവശ്യമായ മെഡിക്കൽ ടീമിനെ സജ്ജമാക്കിയിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു. മുഖ്യമന്ത്രി നാളെ വയനാട് സന്ദർശിക്കും. വയനാട്ടിൽ നാളെ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സർവകക്ഷി യോഗം ചേരും.

&&&&&&&&&&&&&&&&&&

## AMITSHA

വയനാട്ടിൽ കനത്ത മഴയിൽ മണ്ണിടിച്ചിൽ ഉണ്ടാകുമെന്ന് കേരള സർക്കാരിന് മുന്നറിയിപ്പ് നൽകിയിരുന്നെന്ന് കേന്ദ്രമന്ത്രി അമിത് ഷാ. ഈ മാസം 23, 24, 25 തീയതികളിൽ ആണ് മുന്നറിയിപ്പ് നൽകിയതെന്നും എന്നാൽ സർക്കാർ ജനങ്ങളെ മാറ്റി പാർപ്പിച്ചില്ലെന്നും അമിത്ഷാ രാജ്യസഭയിൽ പറഞ്ഞു. നേരത്തെ 9 ദുരന്ത പ്രതികരണ സേനാ സംഘങ്ങളെ കേരളത്തിൽ അയച്ചിരുന്നുവെന്നും സർക്കാർ ജാഗ്രത പുലർത്തിയിരുന്നുവെങ്കിൽ ദുരന്തത്തിൻറെ ആഘാതം കുറയ്ക്കാമായിരുന്നെന്നും അദ്ദേഹം അറിയിച്ചു. ദുരന്തം നേരിടാൻ കേരളത്തിനുള്ള കേന്ദ്രസർക്കാരിൻറെ പിന്തുണ തുടരുമെന്നും അദ്ദേഹം വ്യക്തമാക്കി. എന്നാൽ 23 മുതൽ 28 വരെ ഒരു മുന്നറിയിപ്പും സംസ്ഥാനത്തിന് ലഭിച്ചിട്ടില്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. (ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&&&&

## MINISTERIAL MEETING

വയനാട് ദുരന്തത്തിൽ നിന്നു രക്ഷപെടുത്തുന്നവർക്ക് അടിയന്തര വൈദ്യസഹായം ലഭ്യമാക്കാൻ ചൂരൽമലയിലെ കൺട്രോൾ റൂം കേന്ദ്രീകരിച്ച് ഓക്സിജൻ ആംബുലൻസ് ഉൾപ്പെടെ മെഡിക്കൽ പോയിൻറ് സൗകര്യമൊരുക്കാൻ തീരുമാനം. ഇന്ന് വയനാട് കലക്ടറേറ്റിൽ ചേർന്ന മന്ത്രിതല യോഗത്തിലാണ് തീരുമാനം. കോഴിക്കോട്, തലശ്ശേരി ഉൾപ്പെടെ നാല് സഹകരണ ആശുപത്രികളിൽ നിന്നുള്ള ഡോക്ടർമാരുടെ സംഘം സജ്ജരാണെന്ന് മന്ത്രി വി എൻ വാസവൻ അറിയിച്ചു. കുടുങ്ങിക്കിടന്നവരെ രക്ഷപ്പെടുത്തി പാലത്തിലൂടെ കൊണ്ടുവരുന്ന കേന്ദ്രത്തിൽ ആരോഗ്യവകുപ്പിൻറെ സംഘമുണ്ടാകുമെന്ന് മന്ത്രി കെ രാജൻ പറഞ്ഞു.

&&&&&&&&&&&&&&&&&&

## TAMILNADU

വയനാട്ടിലെ ദുരന്തത്തിൻറെ പശ്ചാത്തലത്തിൽ തമിഴ്നാട് സർക്കാർ വാഗ്ദാനം ചെയ്ത ധനസഹായം മുഖ്യമന്ത്രി പിണറായി വിജയന് കൈമാറി. തമിഴ്നാട് മന്ത്രി ഇ വി വേലു മുഖ്യമന്ത്രിയുടെ ഓഫീസിലെത്തിയാണ് 5 കോടി രൂപ നൽകിയത്. തമിഴ് ചലച്ചിത്ര നടൻ വിക്രം 20 ലക്ഷം രൂപ കൈമാറിയിട്ടുണ്ട്. ടിബറ്റൻ ആത്മീയ നേതാവ് ദലൈലാമ ട്രസ്റ്റ് 11 ലക്ഷം രൂപ സംഭാവനയായി പ്രഖ്യാപിച്ചിട്ടുണ്ട്. എല്ലാ മന്ത്രിമാരും ഒരു മാസത്തെ ശമ്പളം ദുരിതാശ്വാസനിധിയിലേക്ക് സംഭാവന നൽകാൻ തീരുമാനിച്ചിട്ടുണ്ടെന്ന് മുഖ്യമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## COLLECTION POINT

വയനാട്ടിലേക്ക് അവശ്യസാധനങ്ങൾ എത്തിക്കാൻ തിരുവനന്തപുരം കളക്ട്രേറ്റിൽ കളക്ഷൻ സെൻറർ തുറന്നു. സാധനങ്ങൾ ഇതിനകം വാങ്ങിയവർക്ക് കളക്ഷൻ സെൻററിൽ രാവിലെ 10 മുതൽ രാത്രി 10 വരെ എത്തിക്കാവുന്നതാണ്. പഴയ വസ്തുക്കൾ സ്വീകരിക്കില്ല. ദുരന്ത നിവാരണ അതോറിറ്റി അറിയിക്കുന്നതിന് അനുസരിച്ച് മാത്രമേ സാധനങ്ങൾ എത്തിക്കേണ്ടതുള്ളൂ. കൂടുതൽ വിവരങ്ങൾക്ക് കൺട്രോൾ റൂം നമ്പറായ 1077 ൽ വിളിക്കേണ്ടതാണ്.

&&&&&&&&&&&&&&&&&&

## WND - MLP UPDATION

വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിൽപ്പെട്ട 48 പേരുടെ മൃതദേഹങ്ങൾ നിലമ്പൂരിൽ ചാലിയാറിൽ നിന്നും ലഭിച്ചു.16 ശരീരങ്ങളാണ് ഇന്ന് നടത്തിയ തിരച്ചിലിൽ ലഭിച്ചത്. ബന്ധുക്കൾക്ക് തിരിച്ചറിയാനുള്ള സൗകര്യം പരിഗണിച്ച് എല്ലാ മൃതശരീരങ്ങളും വയനാട്ടിലേക്ക് കൊണ്ട് പോയി.

&&&&&&&&&&&&&&&&&&

**RAIN**

സംസ്ഥാനത്ത് അതിശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രത നൽകി. എറണാകുളം മുതൽ മലപ്പുറം വരെ 5 ജില്ലകളിൽ ഓറഞ്ച് ജാഗ്രത. തിരുവനന്തപുരം, കൊല്ലം ഒഴികെയുള്ള ജില്ലകളിൽ മഞ്ഞ ജാഗ്രതയും നിലവിലുണ്ട്. കേരള - കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

&&&&&&&&&&&&&&&&&&

**HOLIDAYS**

മഴ അതിശക്തമായി തുടരുന്ന സാഹചര്യത്തിൽ തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ്, ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നാളെ അവധി പ്രഖ്യാപിച്ചു. പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി ബാധകമാണ്. മുൻകൂട്ടി പ്രഖ്യാപിച്ച പരീക്ഷകളിൽ മാറ്റമില്ല.

&&&&&&&&&&&&&&&&&&

**RS-FM REPLY (EARLY)**

രാജ്യത്തിന്റെ വളർച്ച, ക്ഷേമം, മൂലധന നിക്ഷേപം, തൊഴിൽ, സാമ്പത്തിക ഏകീകരണം തുടങ്ങിയ മേഖലകളിലെ മികച്ച സന്തുലിതാവസ്ഥയാണ് കേന്ദ്ര ബജറ്റെന്ന് ധനമന്ത്രി നിർമ്മല സീതാരാമൻ. രാജ്യസഭയിൽ നടപ്പ് സാമ്പത്തിക വർഷത്തെ കേന്ദ്ര ബജറ്റിൻ്റെ ചർച്ചയ്ക്ക് മറുപടി പറയുകയായിരുന്നു ധനമന്ത്രി. കൂട്ടായ പരിശ്രമത്തിലൂടെ എല്ലാവരുടെയും വികസനം എന്ന മുദ്രാവാക്യത്തിലാണ് സർക്കാർ ശ്രദ്ധയൂന്നുന്നത്. കാർഷികമേഖലയിലെ വിഹിതം വെട്ടിക്കുറച്ചെന്ന പ്രതിപക്ഷത്തിൻറെ ആരോപണം ധനമന്ത്രി തള്ളി. വിദ്യാഭ്യാസം, വൈദഗ്ധ്യം, തൊഴിൽ, എന്നിവയ്ക്കായി 1.48 ലക്ഷം കോടി രൂപ നീക്കിവച്ചതായും ധനമന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

**OLYMPICS (INTRO)**

പാരീസ് ഒളിമ്പിക്സിൻ്റെ അഞ്ചാം ദിനമായ ഇന്നും ഇന്ത്യയുടെ കായികതാരങ്ങൾ മികവാർന്ന പ്രകടനത്തിലൂടെ മുന്നേറുകയാണ്. ബോക്സിങ്, അമ്പെയ്ത്ത്, ഷട്ടിൽ, ഷൂട്ടിംഗ് എന്നീ ഇനങ്ങളിലായാണ്

ഇന്ത്യയുടെ മത്സരം ...
ഒരു റിപ്പോർട്ട്.....
(VOICE)
ഷൂട്ടിംഗിൽ, പുരുഷന്മാരുടെ 50 മീറ്റർ റൈഫിൾ 3 പൊസിഷൻ ഇനത്തിൽ ഏഴാം സ്ഥാനത്തോടെ സ്വപ്നിൽ കുശാലെ ഫൈനലിലേക്ക് യോഗ്യത നേടി. വനിതകളുടെ ബോക്സിംഗ് 75 കിലോഗ്രാം വിഭാഗത്തിൽ ലവ്‌ലിന, നോർവേയുടെ താരത്തെ ഏകപക്ഷീയമായി പരാജയപ്പെടുത്തി ക്വാർട്ടർ ഫൈനലിൽ പ്രവേശിച്ചു. അമ്പെയ്ത്ത്, വനിതാ സിംഗിൾ റീ കർവ് ഇനത്തിൽ ദീപിക കുമാരി കുമാരി ക്വാർട്ടർ ലേക്ക് യോഗ്യത നേടി. ബാഡ്മിന്റൺ വനിതാ പുരുഷ സിംഗിൾസ് വിഭാഗത്തിൽ പിവി സിന്ധുവും ലക്ഷ സെന്നും പ്രീ- ക്വാർട്ടറിലെത്തി.
ടെബിൾ ടെന്നീസിൽ ശ്രീജ അകുല പ്രീക്വാർട്ടറിൽ കടന്നു. മണിക ബത്രയ്ക്കു ശേഷം പ്രീക്വാർട്ടർ യോഗ്യത നേടുന്ന രണ്ടാമത് ഇന്ത്യൻ വനിതയാണ് ശ്രീജ.

&&&&&&&&&&&&&&&&&&

**LS-RAILWAYS**

നടപ്പുസാമ്പത്തിക വർഷത്തേക്കുള്ള റെയിൽവേ ബജറ്റിൻറെ തുടർ ചർച്ചകൾ ലോക്സഭയിൽ ഇന്ന് നടന്നു. തമിഴ്നാടിനായുള്ള പദ്ധതികൾ കുറവാണെന്നും സംസ്ഥാനത്തോട് സർക്കാർ അവഗണന കാണിക്കുകയാണെന്നും ഡി.എം.കെ.യിലെ, ടി.എം സെൽവ ഗണപതി, ആരോപിച്ചു. റെയിൽവേയുടെ ഉയർന്ന പ്രവർത്തന ചെലവും സുരക്ഷ വർധിപ്പിക്കേണ്ടതിൻറെ ആവശ്യവും അദ്ദേഹം ഉന്നയിച്ചു. 2014 മുതൽ ലോകോത്തര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങളാണ് റെയിൽവേയിൽ ഉണ്ടായതെന്ന് ബിജെപി നേതാവ് ദിലീപ് സൈകിയ പറഞ്ഞു. റെയിൽവേയ്ക്കുള്ള ബജറ്റ് വിഹിതം 2014 മുതൽ വളർച്ച കൈവരിച്ചെന്നും ഈ സാമ്പത്തിക വർഷത്തിൽ രണ്ട് ലക്ഷത്തി 52,000 കോടി രൂപയുടെ റെക്കോഡ് വിഹിതം ലഭിച്ചതായും അദ്ദേഹം വെളിപ്പെടുത്തി.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&